ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി, ഡി) അന്വേഷിച്ചുവരുന്നു.

(ഇ) ഒരു കേസ് എടുത്തിട്ടുണ്ട്.

(എഫ്) വിചാരണയിലിരിക്കുകയാണ്.

(ജി) പോലീസ് ഉദ്യോഗസ്ഥൻമാരിൽ നിന്ന് കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടില്ലാത്തതുകൊണ്ട് നടപടികൾ എടുത്തില്ല.

രജിസ്ട്രാർ ഓഫീസുകൾ

192. [264] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നാളികേര വിലയിടിവ്

193. [266] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര വിലയിടിവുമൂലം കേര കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നാളികേര വിലയിടിവിനു ശാശ്വത പരിഹാരം കാണുന്നതിനു വെളിച്ചെണ്ണ ഇറക്കുമതി പൂർണ്ണമായി നിർത്തലാക്കുക, കർഷകരുടെ പേരിലുള്ള റവന്യു റിക്കവറി നടപടി നിർത്തിവയ്ക്കുക, ആയിരം നാളികേരത്തിനു ചുരുങ്ങിയത് മുവായിരം രൂപ നിശ്ചയിച്ചു മുഴുവൻ നാളികേരവും സംഭരിയ്ക്കുക എന്നീ ആവശ്യങ്ങൾ കേര കർഷകർ സംഘടനകൾ ഉന്നയിച്ചിട്ടുള്ളതിൻമേൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നാളികേരത്തിന്റെ വില ഇടിവ് നിയന്ത്രിക്കുവാൻ എത്തു പരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നാളികേരത്തിന്റെ വില വർദ്ധിപ്പിക്കുന്നതിനു എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേര വിലയിടിവിനു പരിഹാരം കാണുന്നതിനുവേണ്ടി താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യരുതെന്നു കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് ഉറപ്പു വാങ്ങുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly